"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - പേഴ്സണൽ സ്റ്റാഫ് പെൻഷൻ - ശ്രീ. കെ. കരുണാകരൻ മന്ത്രിസഭയിൽ സഹകരണ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ഉണ്ണികൃഷ്ണൻ സി കെ-ക്ക് പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (അക്കൗണ്ട്സ് പി) വകുപ്പ്**

സ.ഉ.(സാധാ) നം.1497/2024/GAD തീയതി,തിരുവനന്തപുരം, 01-04-2024

---

പരാമർശം:-

1. 04/03/2023 തീയതിയിലെ സ.ഉ (സാധാ) നം.1026/2023/പൊഭവ നമ്പർ സർക്കാർ ഉത്തരവ്
2. പി.പി.ഒ നം. 1122261281
3. ശ്രീ.ഉണ്ണികൃഷ്ണൻ സി കെ 26/12/2023-ൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ്**

ശ്രീ. കെ. കരുണാകരൻ മന്ത്രിസഭയിൽ സഹകരണ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ 04-07-1991 മുതൽ 15-03-1994 വരെ പ്യൂൺ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഉണ്ണികൃഷ്ണൻ സി കെ പ്രസ്തുത സ്റ്റാഫിൽ നിന്നും വിടുതൽ ചെയ്ത ശേഷം ജില്ലാ സഹകരണ ബാങ്കിൽ ജോലിയിൽ പ്രവേശിക്കുകയും 31-05-2020-ൽ പ്രസ്തുത ബാങ്കിൽ നിന്നും വിരമിക്കുകയും ചെയ്തു. ജില്ലാ സഹകരണ ബാങ്കിൽ നിന്നും വിരമിച്ചശേഷം പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ചതിനുള്ള പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ശ്രീ.ഉണ്ണികൃഷ്ണൻ സി കെ 16/09/2020-ൽ പെൻഷൻ ബുക്കും മറ്റ് രേഖകളും സമർപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 25/11/2022 തീയതി മുതൽ ടിയാന് പെൻഷൻ അനുവദിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2) ലെ പി.പി.ഒ പ്രകാരം പ്രസ്തുത പെൻഷൻ കൈപ്പറ്റി വരുന്നതുമാകുന്നു.

എന്നാൽ, അക്കൗണ്ടന്റ് ജനറൽ, പെൻഷൻ 01-06-2020 മുതൽ അനുവദിക്കുന്നതിനു

പകരം 25-11-2022 മുതൽ മാത്രമാണ് അനുവദിച്ച് നൽകിയിരിക്കുന്നതെന്നും അതിനാൽ ടിയാന് ഏകദേശം 30 മാസത്തെ പെൻഷൻ നഷ്ടമായിരിക്കുകയാണെന്നും അതിനാൽ പെൻഷൻ അനുവദിച്ച തീയതി പുന:പരിശോധിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതിലേക്കായി പരാമർശം (3) പ്രകാരം ശ്രീ.ഉണ്ണിക്കൃഷ്ണൻ സി കെ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. കെ. കരുണാകരൻ മന്ത്രിസഭയിൽ സഹകരണ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ പ്യൂൺ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത ശേഷം, ജില്ലാ സഹകരണ ബാങ്കിൽ ജോലിയിൽ പ്രവേശിക്കുകയും 31-05-2020 ൽ പ്രസ്തുത ബാങ്കിൽ നിന്നും വിരമിക്കുകയും, വിരമിച്ചശേഷം പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ചിതിനുള്ള പെൻഷൻ ലഭിക്കുന്നതിനുവേണ്ടി 16/09/2020-ൽ സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ, ശ്രീ.ഉണ്ണിക്കൃഷ്ണൻ സി കെ-ക്ക് 01/06/2020 മുതലുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഉഷ എ ആർ
അഡിഷണൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, തൃപ്രയാർ, തൃശ്ശൂർ
ശ്രീ.ഉണ്ണികൃഷ്ണൻ സി കെ, ചിറ്റിലായ് വീട്, ചേർപ്പ വഴി, പുഴവിൽ പി.ഒ, തൃശ്ശൂർ-680564
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Lal Kiran
Date: 01-04-2024 15:15:21
സെക്ഷൻ ഓഫീസർ